സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 188 2024 നവംബർ 13 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'സ്ഥാനാർത്ഥിയുടെ ഭാര്യ സ്ഥാനാർത്ഥി അല്ല, ഇതാണെന്റെ രാഷ്ട്രീയം'; ആക്ഷേപ കമന്റുകൾക്ക് മറുപടിയുമായി സൗമ്യ സരിൻ

പാലക്കാട്: തനിക്കെതിരെ ഫേസ്ബുക്കിൽ വന്ന ആക്ഷേപ കമന്റുകൾക്ക് മറുപടിയുമായി പാലക്കാട് ഉപതിരഞ്ഞെടുപ്പിലെ എൽഡിഎഫ് സ്ഥാനാർത്ഥി സരിന്റെ ഭാര്യ ഡോ സൗമ്യ. തന്റെ മറുപടി സോഷ്യൽ മീഡിയയിൽ എങ്ങനെ മാന്യമായി ഇടപെടണം എന്നറിയാത്ത മാന്യദേഹങ്ങളോടാണെന്നും സൗമ്യ പറഞ്ഞു. തനൊരു പാർട്ടിയുടെ പ്രചാരകയോ പ്രവർത്തകയോ അല്ലെന്നും താൻ എന്നും വ്യക്തികളെ വ്യക്തികളായി മാത്രം കാണുന്ന ആളാണെന്നും സൗമ്യ സരിൻ വ്യക്തമാക്കി.

ഭരണകർത്താക്കൾ ശിക്ഷ വിധിക്കുന്ന ജഡ്ജിയാവാൻ പാടില്ല; ബുൾഡോസർ രാജിന് ബ്രേക്കിട്ട് സുപ്രീം കോടതി

ന്യൂഡൽഹി: കേസുകളിൽ ഉൾപ്പെട്ട പ്രതികൾ കുറ്റക്കാരാണോ എന്ന് തീരുമാനിക്കേണ്ടത് കോടതികളും ജഡ്ജിമാരും ആണെന്ന് സുപ്രീം കോടതി. പ്രതികൾക്ക് ശിക്ഷ വിധിക്കുന്ന ജഡ്ജിയാകാൻ ഭരണകർത്താക്കൾക്ക് കഴിയില്ലെന്ന് ജസ്റ്റിസുമാരായ ബി. ആർ ഗവായ്, കെ.വി വിശ്വനാഥൻ എന്നിവർ അടങ്ങിയ ബെഞ്ച് വിധിച്ചു.

കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെ വീടുകൾ ശിക്ഷയെന്ന നിലയിൽ ബുൾഡോസർ ഉപയോഗിച്ച് തകർക്കുന്നത് ഭരണഘടന വിരുദ്ധവും നിയമവിരുദ്ധവും ആണെന്ന് സുപ്രീം കോടതി വ്യക്തമാക്കി. അനധികൃത നിർമ്മാണങ്ങൾ നീക്കുന്നതിനുള്ള മാർഗരേഖ സുപ്രീംകോടതി പുറത്തിറക്കി.

കേസുകളിൽ ശിക്ഷിക്കപ്പെട്ടവരുടെ വീടുകൾ പോലും തകർക്കാൻ നിയമം അനുവദിക്കുന്നില്ല എന്ന് സുപ്രീം കോടതി വ്യക്തമാക്കി. ഹീനമായ ക്രിമിനൽ കേസുകളിലെ പ്രതികൾക്ക് പോലും ശിക്ഷ തീരുമാനിക്കാനുള്ള അധികാരം കോടതിക്ക് മാത്രമാണ്. പാർപ്പിടം ഭരണഘടന പൗരന് ഉറപ്പ് നൽകുന്ന അവകാശം ആണ്. കെട്ടിടങ്ങൾ പൊളിക്കുന്ന സർക്കാരുകളുടെ ഏകപക്ഷീയമായ നടപടി അംഗീകരിക്കാൻ ആകില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി.

ഏതെങ്കിലും ഒരു പ്രതിയുടെ വീട് നിയമപ്രകാരമല്ലാതെ പൊളിച്ചാൽ അവർക്ക് നഷ്ടപരിഹാരം തേടി കോടതിയെ സമീപിക്കാവുന്നത് ആണെന്ന് സുപ്രീം കോടതി വ്യക്തമാക്കി. നിയമ വിരുദ്ധമായ പൊളിക്കലുകളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് എതിരെ ശക്തമായ നടപടി സ്വീകരിക്കാം എന്നും സുപ്രീംകോടതി വ്യക്തമാക്കി.

അതെ സമയം വ്യക്തികളുടെ അനധികൃത നിർമാണങ്ങൾ നിയമപരമായി പൊളിക്കാൻ സർക്കാരുകൾക്ക് അവകാശം ഉണ്ടെന്ന് സുപ്രീം കോടതി വ്യക്തമാക്കി.

അങ്ങനെ പൊളിക്കുമ്പോൾ നിയമപരമായ നടപടിക്രമങ്ങൾ പാലിക്കണം. അനധികൃത നിർമ്മാണങ്ങൾ നീക്കുന്നതിന് മുന്നോടിയായി നോട്ടീസ് നൽകണം. ആ നോട്ടീസ് കോടതിയിൽ ചോദ്യം ചെയ്യാൻ കെട്ടിട ഉടമകൾക്ക് അവസരം നൽകണം എന്നും സുപ്രീം കോടതി നിർദേശിച്ചു.

ഡൽഹിയെ മൂടി കനത്ത പുകമഞ്ഞ്; വിമാനങ്ങൾ വഴിതിരിച്ചുവിട്ടു

ന്യൂഡൽഹി: കനത്ത പുകമഞ്ഞ് മൂടിയതോടെ രാജ്യ തലസ്ഥാനത്തെ വായുനിലവാരം അതിഗുരുതരാവസ്ഥയിലേക്ക് കടന്നു. ഡൽഹിയിലും നോയിഡ, ഗാസിയാബാദ്, ഗുരുഗ്രാം, ഫരീദാബാദ് എന്നിവയുടെ പരിസര പ്രദേശങ്ങളിലുമാണ് കനത്ത പുകമഞ്ഞ് രൂപപ്പെട്ടത്. ഇതോടെ വിമാനങ്ങൾ വഴിതിരിച്ചുവിട്ടു.

പ്രതികൂല കാലാവസ്ഥയെ തുടർന്ന് രാവിലെ ഏഴ് മണി മുതൽ ആറ് വിമാനങ്ങൾ ജയ്പുരിലേക്കും ഒന്ന് ലഖ്നൗവിലേക്കും ഉൾപ്പെടെ 10 വിമാനങ്ങളാണ് വഴിതിരിച്ചുവിട്ടത്. രാവിലെ 8.30-ന് ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ദൂരക്കാഴ്ചയും മോശമായതോടെയാണ് തീരുമാനം. വായു നിലവാരം മോശമായതിനെ തുടർന്ന് ഇന്ന് രാവിലെ 5.30-ഓടെ തന്നെ കനത്ത മഞ്ഞ് രൂപപ്പെട്ടു തുടങ്ങിയിരുന്നു. മൂടൽ മഞ്ഞ് മൂന്നു ദിവസത്തേക്കെങ്കിലും തുടർന്നേക്കുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ്.

അതേസമയം ഡൽഹിയിലെ വായുനിലവാരം അതീവ ഗുരുതരാവസ്ഥയിലാണ്. വായു നിലവാര സൂചിക പലപ്പോഴും 400 കടന്നതോടെ അതിഗുരുതര വിഭാഗത്തിലാണ് ഡൽഹിയിപ്പോൾ. ഡൽഹിയിൽ കഴിഞ്ഞ രണ്ടാഴ്ചയോളം വായു നിലവാര സൂചിക 'വളരെ മോശം' നിലയിലായിരുന്നു.

പഞ്ചാബിലും പരിസരത്തും വൈക്കോൽ കത്തിക്കലുണ്ടാക്കുന്ന വായു മലിനീകരണത്തിനു പുറമേ, ദീപാവലി സമയത്തെ പടക്കംപൊട്ടിക്കലും ചേർന്നതോടെയാണ് ഡൽഹി അക്ഷരാർഥത്തിൽ ഗ്യാസ് ചേംബറായത്. ചൂടിൽനിന്ന് തണുപ്പിലേക്ക് കടക്കുന്ന നവംബറിൽ വായുമലിനീകരണം കൂടിയായപ്പോൾ ജനജീവിതം കടുത്ത ബുദ്ധിമുട്ടിലാണ്.

ഉപതിരഞ്ഞെടുപ്പിലും പതിവ് തെറ്റിച്ചില്ല; പോളിംഗ് ദിനത്തിൽ വീണ്ടും ഇപിയുടെ 'ബോംബ്'

തിരു: കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ പ്രതിരോധത്തിലാവാൻ ഇടതുമുന്നണിക്ക് ആവോളം കാരണങ്ങളുണ്ടായിരുന്നു. അതിൽ നിന്ന് ഒരു തരത്തിൽ പിടിച്ചുകയറി വരുമ്പോഴായിരുന്നു വോട്ടെടുപ്പുദിവസം രാവിലെ ഇപിയുടെ വക ഉഗ്രൻ ബോംബ് പൊട്ടിയത്. ആക്കുളത്തെ മകന്റെ ഫ്ളാറ്റിൽ വച്ച് ബിജെപി നേതാവ് പ്രകാശ് ജാവദേക്കറിനെ കണ്ടിരുന്നു എന്നാണ് വോട്ടെടുപ്പ് ദിവസം രാവിലെ ഇപി തുറന്നു സമ്മതിച്ചത്. മകന്റെ കുട്ടിയുടെ പിറന്നാൾ ആഘോഷത്തിനിടെയായിരുന്നു സന്ദർശനമെന്നും ദല്ലാൾ നന്ദകുമാറും സ്ഥലത്തുണ്ടായിരുന്നു എന്നും ഇപി പറഞ്ഞു. ഇത് വൻ വിവാദമായി. വീണുകിട്ടിയ അവസരം പരമാവധി മുതലാക്കിയ യുഡിഎഫ് സംസ്ഥാനത്തെ 19സീറ്റിലും വിജയിച്ചുകയറുകയും ചെയ്തു.

ഇത്തവണയും പതിവ് തെറ്റിച്ചില്ല. മൂന്നുമുന്നണികൾക്കും ഒരുപോലെ പ്രധാന്യമുള്ള ഉപതിരഞ്ഞെടുപ്പിലെ പോളിംഗ് ദിനത്തിന്റെ അന്നുതന്നെ ആത്മകഥയുടെ രൂപത്തിൽ ഇപിയുടെ രണ്ടാം ബോംബും എത്തി. പിണറായി സർക്കാരിനെതിരെ രൂക്ഷവിമർശനം ഉന്നയിക്കുന്നതാണ് പുസ്തകം എന്ന് വ്യക്തമാക്കുന്ന ആത്മകഥയിലെ ചില ഭാഗങ്ങളാണ് ഇന്നുരാവിലെ പുറത്തുവന്നത്.

പാലക്കാട്ട് പി സരിനെ ഇടതുമുന്നണി സ്ഥാനാർത്ഥിയാക്കിയതിലുള്ള അതൃപ്തിയും പുസ്തകത്തിൽ വ്യക്തമാക്കുന്നുണ്ട്. അവസരവാദിയെന്നാണ് സരിനെ ഇപി വിശേഷിപ്പിക്കുന്നത്. പാർട്ടിയും സർക്കാരും തെറ്റുകൾ തിരുത്തണമെന്നും, തന്റെ ഭാഗം കേൾക്കാതെയാണ് എൽഡിഎഫ് കൺവീനർ സ്ഥാനത്തുനിന്ന് മാറ്റിയതെന്നും ഇപി പരാമർശിക്കുന്നുണ്ട്. പ്രകാശ് ജാവദേക്കറുമായുള്ള കൂടിക്കാഴ്ച ലോക്സഭ തിരഞ്ഞെടുപ്പിന് മുമ്പ് ചർച്ചയാക്കിയതിന് പിന്നിൽ ഗൂഢാലോചനയുണ്ട്. സെക്രട്ടറിയേറ്റിൽ അറിയിച്ചശേഷമാണ് സാന്റിയാഗോ മാർട്ടിൻ അടക്കമുള്ളവരിൽ നിന്നും ദേശാഭിമാനിക്ക് പരസ്യം വാങ്ങിയത്. എന്നാൽ വിഎസ് അച്യുതാനന്ദൻ തനിക്ക് എതിരെ ആയുധമാക്കി. ചേലക്കരയിൽ അൻവറിന്റെ സ്ഥാനാർത്ഥി എൽഡിഎഫിനും ദോഷമുണ്ടാക്കുമെന്നും പുസ്തകത്തിൽ പറയുന്നു.

വിവാദമായതോടെ പുറത്തുവന്ന കാര്യങ്ങളെല്ലാം നിഷേധിച്ച് ഇപി രംഗത്തെത്തി. താൻ ഒന്നും അറിഞ്ഞിട്ടില്ലെന്നും ആത്മകഥ എഴുതി കൊണ്ടിരിക്കുകയാണെന്നുമാണ് ഇ.പി ജയരാജന്റെ പ്രതികരണം. തിരഞ്ഞെടുപ്പ് ദിവസം ഇത്തരം വാർത്ത സൃഷ്ടിക്കാൻ യുഡിഎഫുമായി ചേർന്ന് നടത്തിയ ഗൂഢാലോചനയാണെന്നും പ്രസാധകർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. ഇതുകഴിഞ്ഞ് അല്പം കഴിഞ്ഞപ്പോൾ ആത്മകഥയുടെ ഇന്നുനടത്തുമെന്നുപറഞ്ഞിരുന്ന പ്രകാശനം മാറ്റിവച്ചുവെന്ന ഡിസിയുടെ അറിയിപ്പുമെത്തി. എന്നാൽ പുസ്തകത്തിന്റെ ഉള്ളടക്കമായി പുറത്തുവന്ന കാര്യങ്ങൾ പ്രസാധകരായ ഡിസി ബുക്സ് നിഷേധിച്ചിട്ടില്ല.

ട്രെയിൻ തട്ടി രണ്ടുകാലുകളും നഷ്ടപ്പെട്ടു

തൃശ്ശൂർ: റെയിൽവേ സ്റ്റേഷനിൽ ട്രെയിൻതട്ടി സ്ത്രീയുടെ രണ്ട് കാലുകൾ നഷ്ടപ്പെട്ടു. റെയിൽവേ ട്രാക്ക് മുറിച്ചു കടക്കുന്നതിനിടയാണ് അപകടമുണ്ടായത്. കൊച്ചുവേളി കോർബ എക്സ്പ്രസ് ആണ് തട്ടിയത്. കരുനാഗപ്പള്ളി സ്വദേശിനി ശുഭകുമാരിക്കാണ് അപകടമുണ്ടായത്. കെഎസ്ആർടിസി കണ്ടക്ടർ ആണ് ശുഭകുമാരി.

ഉപതിരഞ്ഞെടുപ്പ്; പോളിംഗ് 40 ശതമാനം കഴിഞ്ഞു, വിവിധ ബൂത്തുകൾ സന്ദർശിച്ച് പ്രിയങ്ക ഗാന്ധി

കൽപ്പറ്റ: ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്ടിലും ചേലക്കരയിലും വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. പുലർച്ചെ മുതൽ തന്നെ പോളിംഗ് ബൂത്തുകളിൽ സമ്മതിദായകരുടെ നീണ്ടനിര ദൃശ്യമായിരുന്നു. രാവിലെ ഏഴ് മുതൽ വൈകിട്ട് 6വരെയാണ് പോളിംഗ്. വയനാട് 40 ശതമാനം പോളിംഗ് കഴിഞ്ഞുവെന്നാണ് റിപ്പോർട്ട്. ചേലക്കരയിൽ 42 ശതമാനം പോളിംഗ് കഴിഞ്ഞു.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എംപി സ്ഥാനം രാജിവച്ച വയനാട്ടിൽ സഹോദരിയും എഐസിസി ജനറൽ സെക്രട്ടറിയുമായ പ്രിയങ്ക ഗാന്ധിയാണ് യുഡിഎഫ് സ്ഥാനാർത്ഥി. സിപിഐയുടെ മുതിർന്ന നേതാവ് സത്യൻ മൊകേരി എൽഡിഎഫിനായും, ബിജെപിയുടെ നവ്യഹരിദാസാണ് എൻഡിഎയ്ക്കായി കളത്തിലുള്ളത്.

ആദ്യമായി ജനവിധി തേടുന്ന മത്സരമായതിനാൽ പ്രിയങ്ക ഗാന്ധി മണ്ഡലത്തിലെ വിവിധ ബൂത്തുകൾ സന്ദർശിക്കുന്നുണ്ട്. ചൂരൽമല ഉരുൾപൊട്ടൽ ദുരിത ബാധിതർ വോട്ടുചെയ്യാനെത്തി. രണ്ട് ബൂത്തുകളാണ് അവർക്കായി ക്രമീകരിച്ചിരിക്കുന്നത്. ഭൂരിഭാഗം പേരും നാട് വിട്ടുപോയിരുന്നു. ദുരന്തം നടന്നതിന് ശേഷമുള്ള ആദ്യ വോട്ടെടുപ്പാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് പോളിംഗ് ബൂത്തിലെത്താൻ സൗജന്യ വാഹനങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

എംഎൽഎയായിരുന്ന കെ രാധാകൃഷ്ണൻ ലോക്സഭയിലേക്ക് ജയിച്ചതിനാലാണ് ചേലക്കരയിൽ പുതിയ ജനപ്രതിനിധിയെ തിരഞ്ഞെടുക്കുന്നത്. എൽഡിഎഫ് സ്ഥാനാർത്ഥിയുആർ പ്രദീപും യുഡിഎഫിന്റെ രമ്യാ ഹരിദാസും നേർക്കുനേർ ഏറ്റുമുട്ടുന്ന ചേലക്കരയിൽ കെ ബാലകൃഷ്ണനാണ് ബിജെപിക്കായി കളത്തിലിറങ്ങിയത്. കൽപ്പാത്തി രഥോത്സവം പരിഗണിച്ച് മാറ്റിവച്ചതിനാൽ പാലക്കാട് 20നാണ് വോട്ടെടുപ്പ്.

വെർച്വൽ അറസ്റ്റ് തട്ടിപ്പുകാർ വിളിച്ചത് തൃശൂർ സൈബർ സെല്ലിലേക്ക്; പണി പാളി, വൈറലായി

തൃശൂർ: മുംബൈ പോലീസിലെ ഉദ്യോഗസ്ഥനെന്ന വ്യാജേന പണം തട്ടാനുള്ള യുവാവിന്റെ ശ്രമം തൃശ്ശൂർ സിറ്റി പോലീസ് പൊളിച്ചടുക്കി. പോലീസ് യൂണിഫോമിലായിരുന്നു തട്ടിപ്പ് സംഘത്തിലെയാൾ വീഡിയോ കോൾ ചെയ്തത്. ഫോണിലെ ക്യാമറ ഓൺ ചെയ്യാത്തതിനാൽ വിളിച്ചത് തൃശൂർ പോലീസ് സൈബർ സെല്ലിലേക്കാണെന്ന് ഇയാൾക്ക് മനസിലായില്ലായിരുന്നു. ഒടുവിൽ ക്യാമറ ഓണാക്കി പോലീസുകാരെ കണ്ടതോടെയാണ് അപകടം മനസിലായത്. കടുവയെ പിടിച്ച കിടുവ, യേ കാം ചോടുദോ ബായ് എന്ന അടിക്കുറിപ്പോടെ സംഭവത്തിന്റെ വീഡിയോ ട്രോൾ രൂപത്തിൽ തൃശ്ശൂർ സിറ്റി പോലീസ് സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവെച്ചിട്ടുണ്ട്. ഓൺലൈൻ സാമ്പത്തിക തട്ടിപ്പിന് ഇരയായാൽ ഉടനെ 1930ൽ വിളിച്ച് വിവരം അറിയിക്കണമെന്ന് നിർദേശിച്ചാണ് പോലീസ് വീഡിയോ അവസാനിപ്പിക്കുന്നത്.

വീട്ടമ്മയെ എസ്പിയടക്കമുള്ളവർ പീഡിപ്പിച്ചതായി പരാതി, കേസെടുക്കാനുള്ള ഉത്തരവ് റദ്ദാക്കി ഹൈക്കോടതി

കോഴിക്കോട്: പൊന്നാനിയിൽ വീട്ടമ്മയെ പൊലീസ് ഉദ്യോഗസ്ഥർ പിഡിപ്പിച്ചതായുള്ള പരാതിയിൽ കേസെടുക്കാനുള്ള ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. ആരോപണ വിധേയനായ ഇൻസ്പെക്ടർ വിനോദ് നൽകി ഹർജിയിൽ പരിഗണിക്കുന്നതിനിടെയായിരുന്നു ഹൈക്കോടതിയുടെ ഉത്തരവ്. എസ്പി സുജിത്ത് ദാസ് അടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കാനുള്ള പൊന്നാനി മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവാണ് റദ്ദാക്കിയിരിക്കുന്നത്. വീട്ടമ്മ നൽകിയ പരാതി വിശ്വസനീയമല്ലെന്നാണ് ഹൈക്കോടതിയിൽ വന്ന റിപ്പോർട്ട്

എസ്പിയും ഡിവൈ എസ്പിയും സിഐയും ബലാൽസംഗം ചെയ്തെന്നായിരുന്നു പൊന്നാനി സ്വദേശിനിയായ വീട്ടമ്മയുടെ പരാതി. പരാതിയിൽ തുടർനടപടിയുണ്ടാകാതിരുന്നതോടെയാണ് വീട്ടമ്മ ഹൈക്കോടതിയെ സമീപിച്ചത്. പത്ത് ദിവസത്തിനകം തീരുമാനമെടുക്കണമെന്ന് പൊന്നാനി മജിസ്ട്രേറ്റ് കോടതിയോട് കഴിഞ്ഞ ദിവസം ഹൈക്കോടതി സിംഗിൾ ബെഞ്ച് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പൊലീസുകാർക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു.

കൂടുതൽ കാലം ഭരിക്കുമ്പോൾ കൂടുതൽ പരാതികളുണ്ടാവും: ലാൽ ജോസ്

ചേലക്കര: ചേലക്കരയിൽ ഇനിയും വികസനം വേണമെന്ന് സംവിധായകൻ ലാൽ ജോസ്. അനാവശ്യ ഉപതിരഞ്ഞെടുപ്പുകൾ ഒഴിവാക്കണമെന്നും ലാൽ ജോസ് പറഞ്ഞു. ചേലക്കര ഉപതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അന്റാർട്ടിക്കയിൽ ആയിരുന്നു ഞാൻ. കഴിഞ്ഞ ദിവസമാണ് എത്തിയത്. ഇവിടെ നിന്ന് യാത്ര പുറപ്പെടുമ്പോൾ തന്നെ പ്രചാരണങ്ങളൊക്കെ തുടങ്ങിയിരുന്നു. അന്റാർട്ടിക്കയിലേക്ക് പോകുമ്പോൾ വഴിയിൽ വെച്ച് രമ്യാ ഹരിദാസിനെ കണ്ടിരുന്നു. കാർ നിർത്തി സംസാരിച്ചിരുന്നു. പ്രദീപിനെ നേരിട്ട് അറിയുന്ന ആളാണ് - ലാൽ ജോസ് പറഞ്ഞു.

രാഷ്ട്രീയമിവല്ലാത്ത ഒരു സിനിമയുമില്ല. സമൂഹത്തെ പ്രതിനിധീകരിക്കുന്ന എല്ലാ സിനിമകളിലും രാഷ്ട്രീയമുണ്ടാകും. എന്റെ എല്ലാ സിനിമകളിലും എന്റെ രാഷ്ട്രീയമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ഭരണവിരുദ്ധ വികാരമുണ്ടോ എന്ന ചോദ്യത്തിന്, 'അങ്ങനെ പറയാൻ പറ്റില്ല. തുടർച്ചയായി ഭരിക്കുമ്പോൾ പരാതികൾ കൂടും. കൂടുതൽ കാലം നിൽക്കുമ്പോൾ കൂടുതൽ പരാതികളുണ്ടാകും. ആര് ഭരിച്ചാലും എല്ലാ കാലത്തും എപ്പോഴും ഒരു പരാതിയുമില്ലാതെ ഭരിക്കാൻ പറ്റുമോ? ആർക്കെങ്കിലും കുറച്ചുപേർക്ക് പരാതിയുണ്ടാകും'- ലാൽ ജോസ് പറഞ്ഞു. നിലവിലെ ഭരണത്തിൽ സംതൃപ്തനാണോ എന്ന ചോദ്യത്തിന്, തനിക്ക് ഉപദ്രവമൊന്നും ചെയ്തിട്ടില്ലെന്നായിരുന്നു മറുപടി.

മായന്നൂർ വിഎൽപി സ്കൂളിലെ 97-ാം നമ്പർ ബൂത്തിൽ വോട്ട് ചെയ്ത ശേഷം മാദ്ധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം

രാഷ്ട്രീയ ഗൂഢാലോചനയുണ്ടോ എന്ന് ഇപിക്ക് പരിശോധിക്കാം, വിവാദം ഉപതിരഞ്ഞെടുപ്പിനെ ബാധിക്കില്ല: ഗോവിന്ദൻ

കണ്ണൂർ: എൽ.ഡി.എഫ് മുൻ കൺവീനർ ഇ.പി ജയരാജനുമായി ബന്ധപ്പെട്ടുണ്ടായ ആത്മകഥാ വിവാദത്തിൽ പ്രതികരിച്ച് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. ജയരാജൻ പറയുന്നത് വിശ്വസിക്കുക എന്നതാണ് പാർട്ടിക്ക് ചെയ്യാൻ കഴിയുന്നത്. ഈ വിവാദം ഉപതിരഞ്ഞെടുപ്പിനെ ബാധിക്കില്ലെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

'ജയരാജൻ പറഞ്ഞ കാര്യം ഞാൻ കണ്ടതാണ്. വളരെ പ്രകോപിതനായാണ് അദ്ദേഹം ഇക്കാര്യത്തോട് പ്രതികരിച്ചത്. തെറ്റായ പ്രചരണമാണ് നടക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കിയതാണ്. രാഷ്ട്രീയ ഗൂഢാലോചനയുണ്ടെന്ന് ജയരാജൻ പറഞ്ഞെങ്കിൽ അത് അദ്ദേഹം പരിശോധിച്ചോട്ടെ.

വിഷയത്തിൽ പാർട്ടിക്ക് കൃത്യമായ ധാരണയുണ്ട്. പുസ്തകം എഴുതിയിട്ടില്ലെന്ന് ജയരാജൻ പറഞ്ഞ് കഴിഞ്ഞാൽ പിന്നെ എന്ത് ചോദ്യമാണുള്ളത്. പാർട്ടി ഒറ്റക്കെട്ടായി മുന്നോട്ട് പോകുകയാണ്. ഇങ്ങനെയൊരു വാർത്ത സൃഷ്ടിച്ച് പാർട്ടിക്കുമേൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണ് മാധ്യമങ്ങൾ നടത്തിയത്', എം.വി ഗോവിന്ദൻ പറഞ്ഞു.

ആളുകൾ പുസ്തകം എഴുതുന്നതും രചന നടത്തുന്നതും പാർട്ടിയെ അറിയിക്കേണ്ടതില്ല. എന്നാൽ, പ്രസിദ്ധീകരിക്കണമെങ്കിൽ പാർട്ടിയോട് ആലോചിക്കണം. നിയമപരമായി വിഷയത്തെ കൈകാര്യം ചെയ്യുമെന്ന് ജയരാജൻ പറഞ്ഞുകഴിഞ്ഞു. പാർട്ടിക്കെതിരായ ഗൂഢാലോചന വേറെ ചർച്ച ചെയ്യാമെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു.

ശരദ് പവാറും അമിത് ഷായും സഖ്യചർച്ച നടത്തി, ഇടനില നിന്നത് അദാനി; വിവാദ വെളിപ്പെടുത്തലുമായി അജിത് പവാർ

മുംബൈ: 2019-ൽ മഹാരാഷ്ട്രാ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം അവിഭക്ത എൻ.സി.പി.യും ബി.ജെ.പി. യും തമ്മിൽ സഖ്യചർച്ചകൾ നടന്നിരുന്നു എന്ന് മഹാരാഷ്ട്രാ ഉപമുഖ്യമന്ത്രിയും എൻ.സി.പി. നേതാവുമായ അജിത് പവാർ. അമിത് ഷായും ശരദ് പവാറും തമ്മിൽ നടത്തിയ ചർച്ചയിൽ ഇടനില നിന്നത് ഗൗതം അദാനിയായിരുന്നു എന്നും അജിത് പവാർ ദേശീയ മാധ്യമമായ ന്യൂസ് ലോൺട്രിക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. 2019ൽ ബി.ജെ.പിയുമായി ചേർന്ന് സർക്കാരുണ്ടാക്കാൻ എൻസിപി അധ്യക്ഷൻ ശരദ് പവാർ ശ്രമിച്ചു എന്നും അതിന് അദാനി ഇടനിലനിന്നുവെന്നുമാണ് അജിത് പവാർ വെളിപ്പെടുത്തിയത്

എൻ.സി.പി നേതാവായ പ്രഫുൽ പട്ടേലും ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസും താനും ശരദ് പവാറിനും അമിത് ഷായ്ക്കും അദാനിക്കുമൊപ്പം യോഗത്തിൽ പങ്കെടുത്തു എന്നും അജിത് പവാർ വ്യക്തമാക്കി. സഖ്യത്തിൽ നിന്ന് എന്തിനാണ് ശരദ് പവാർ പിന്മാറിയത് എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ മനസ്സ് ഭാര്യക്കും മകൾക്കും പോലും മനസ്സിലാവില്ല എന്നായിരുന്നു അജിത് പവാറിന്റെ മറുപടി.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 263/2023, RP: 73/2024

1) മുകുന്ദപുരം താലൂക്ക് വേളൂക്കര വില്ലേജ് നടവരമ്പ് ദേശത്ത് ചക്കമ്പത്ത് രാജലക്ഷ്മി മകൻ 65 വയസ്, ബിസിനസ്സ് ഉണ്ണികൃഷ്ണൻ പി ഒ. നടവരമ്പ്, പിൻ-680661

- ഹരജിക്കാരി/വാദി

മുകുന്ദപുരം താലൂക്ക്, കാട്ടൂർ വില്ലേജ്, തൊപ്പിത്തറ ദേശത്ത് കാരിപ്പാടത്ത് രാമകൃഷ്ണൻ മകൻ 57 വയസ് ശശിധരൻ പി ഒ. കരാഞ്ചിറ, പിൻ-680702 ഇപ്പോൾ താമസം തിയ്യത്തുപറമ്പിൽ രാധാമണി, തൊപ്പിത്തറ ദേശം, പി ഒ. കരാഞ്ചിറ, കാട്ടൂർ വില്ലേജ്

-എതൃകക്ഷി/പ്രതി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിനായി കേസ് **02-12-2024** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് കോടതി മുമ്പാ കെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 12-11-2024

ഹരജിഭാഗം അഡ്വക്കേറ്റ്

മനു മോഹൻ എം (ഒപ്പ്)

അറിയിപ്പ്

എന്റെ മാതാവ് ഒല്ലൂക്കര രജിസ്ട്ര് 3-ാം ബുക്കിലെ 2023 ലെ 208-ാം നമ്പ്രായി രജിസ്ട്രാക്കി വെച്ച മരണപത്ര നിശ്ചയ പ്രകാരം എനിക്ക് സിദ്ധിച്ച ഇരിങ്ങാലക്കുട വില്ലേജ് സർവ്വെ 187/2ൽ പെട്ട 1 ആർ 82 ച. മറ്റർ വഹകളുടെ കീഴ് ലക്ഷ്യങ്ങളായ ഇരിങ്ങാലക്കുട സബ്ബ് കോടതിയിലുണ്ട് TSC OS 517/2009 EP: 151/2013 നമ്പർ വ്യവഹാരങ്ങളെ തുടർന്ന് കേരള സംസ്ഥാനത്ത് ഇരിങ്ങാലക്കുട സബ് കോടതിയിൽ സിവിൽ നടപടി നിയമം ഓർഡർ 21 റൂൾ 94 പ്രകാരം 2014 സെപ്തംബർ 22-ാം തിയ്യതി ഉണ്ടായ പരസ്യമായ ലേലത്തിൽ എന്റെ മാതാവ് റോസി ജോസ് എന്നവർ ലേലത്തിൽ പിടിച്ചു ടി ലേലം 2014 നവംബർ 28-ാം തിയ്യതി സ്ഥിരപ്പെടുത്തി ലേല സംഖ്യ കെട്ടി വെച്ചു. 2015 ജൂൺ 4-ാം തിയ്യതി ലേല സർട്ടിഫിക്കറ്റ് ലഭിക്കുകയും ടി കോടതി മുഖാന്തിരം വസ്തു നടത്തി കിട്ടുകയും നടത്തു രശീതി ലഭിക്കുകയും ചെയ്തു. എന്റെ മാതാവ് റോസി ജോസ് മരണപ്പെട്ട് പോയിട്ടുള്ളതാകുന്നു. ടി മരണപത്രം പ്രാബല്യത്തിൽ വരുകയും ചെയ്ത പ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സുരേഷ് ഗോപിയുടെ അധിക്ഷേപം: മാധ്യമപ്രവർത്തകർ പ്രതിഷേധിച്ചു

തൃശൂർ: കേന്ദ്രമന്ത്രി സുരേഷ് ഗോപി മാധ്യമപ്രവർത്തകർക്ക് നേരെ തുടർച്ചയായി നടത്തുന്ന അധിക്ഷേപങ്ങളിൽ കേരള പത്രപ്രവർത്തക യൂണിയൻ തൃശൂർ ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം തൃശൂർ പ്രസ് ക്ലബിനു മുന്നിൽ നടത്തിയ പ്രതിഷേധം കേരള മീഡിയ അക്കാദമി വൈസ് ചെയർമാൻ ഇ.എസ്. സുഭാഷ് ഉദ്ഘാടനം ചെയ്തു. സുരേഷ് ഗോപി മാധ്യമപ്രവർത്തകരോടുള്ള മോശം പെരുമാറ്റം തുടരുന്ന പക്ഷം ഇതിനെതിരെ നിയമനടപടികളിലേക്ക് നീങ്ങുന്ന കാര്യം ആലോചിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. സുരേഷ് ഗോപിയെ നിയന്ത്രിക്കാൻ കേന്ദ്രം തയ്യാറാകണമെന്നും ആവശ്യപ്പെട്ടു. പ്രസ് ക്ലബ് പ്രസിഡന്റ് എം.ബി. ബാബു അധ്യക്ഷനായി. കേരള പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന പ്രസിഡന്റ് എം.വി. വിനീത, പ്രസ് ക്ലബ് ജോയന്റ് സെക്രട്ടറി ബി. സതീഷ്, വൈസ് പ്രസിഡന്റ് അക്ഷിതാ രാജ് എന്നിവർ പ്രസംഗിച്ചു.

മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തുന്ന കേന്ദ്രമന്ത്രി സുരേഷ്ഗോപിയുടെ നടപടിക്കെതിരെ തൃശൂർ പ്രസ് ക്ലബ്ബിന് മുന്നിൽ മാധ്യമ പ്രതിഷേധ കൂട്ടായ്മ പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന സെക്രട്ടറി ഇ.സുഭാഷ് ഉദ്ഘാടനം ചെയ്യുന്നു

ഗുരുവായൂരിൽ ജോലി അവസരം

ഗുരുവായൂർ: 2024 – 2025 വർഷത്തിലെ ശബരിമല സീസനോട് അനുബന്ധിച്ച് ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രമസമാധാന ഡ്യൂട്ടി ചെയ്യുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നു. 25 വയസ്സിനും 50 വയസ്സിനും മദ്ധ്യേ പ്രായയുള്ള ടടഘഇ വിദ്യാഭ്യാസ യോഗ്യതയും കായിക ക്ഷമതയുമുള്ള യുവതി യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ഗുരുവായൂർ മുനിസിപ്പൽ പരിധിയിൽ നിന്നുള്ളവർക്കും മലയാളം ഒഴികെയുള്ള മറ്റ് ദക്ഷിണേന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യാൻ അറിയുന്നവർക്കും NCC/ NSS/Ex. Service തുടങ്ങിയവർക്കും പ്രത്യേകം മുൻഗണന ഉണ്ടായിരിക്കുന്നതാണ് നാളെ 13/11/2024 തിയ്യതി മുതൽ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനിൽ നിന്നും അപേക്ഷ ഫോം ലഭിയ്ക്കുന്നതാണ് പൂരിപ്പിച്ച അപേക്ഷകൾ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനിൽ 15/11/2024 തിയ്യതി വൈകുന്നേരം 05.00 മണിയ്ക്ക് മുൻപ് സമർപ്പിയ്ക്കേണ്ടതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഐഡി പ്രൂഫും 2 പാസ്പോർട്ട് സൈസ് ഫോട്ടോയും മുൻഗണനാ സർട്ടിഫിക്കറ്റുകളും സമർപ്പിക്കേണ്ടതാണ്.

ശക്തൻ ബസ് സ്റ്റാന്റ് ആധുനിക രീതിയിലുള്ള കോൺക്രീറ്റിംഗ് വെള്ളിയാഴ്ച്ച ആരംഭിക്കും

തൃശൂർ: ശക്തൻ നഗർ ബസ്സ്റ്റാന്റ് 1987 മുതൽ ആരംഭിച്ചതിനുശേഷം കാര്യമായ വികസനപ്രവർത്തനങ്ങൾ നടത്താൻ വിവിധ കാരണങ്ങളാൽ സാധിച്ചിട്ടില്ല. എന്നാൽ തൃശൂർ കോർപ്പറേഷൻ വടക്കേച്ചിറ ബസ്സ്റ്റാന്റ്, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗപ്പെടുത്തി കോർപ്പറേഷന്റെ തിലക്കുറിയായി ഉപയോഗിച്ചുവരികയാണ്. ഇതു പോലെ ശക്തൻ സ്റ്റാന്റ് നിർമ്മിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ശക്തൻ നഗർ വികസനത്തിനായി 1987ൽ അന്നത്തെ കൗൺസിൽ സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് M/s എനാർക്ക് കൺസ്ട്രക്ഷൻസ് എന്ന കമ്പനിയെ ഏൽപ്പിക്കുകയും അവരുമായുണ്ടായ തർക്കത്തിറപഖ ഭാഗമായി 37 വർഷക്കാലം ശക്തൻ നഗറിൽ ഒരു വികസനവും നടത്താൻ സാധിച്ചില്ല. ഇടതുപക്ഷ കൗൺസിൽ ഈ തർക്കം രമ്യമായി പരിഹരിച്ച് ശക്തൻ വികസന മുരടിപ്പിന് അവസാനം കണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി സമഗ്രമാറ്റത്തിനായുള്ള ശക്തൻ മാസ്റ്റർ പ്ലാനിന് പുനർജീവൻ ലഭിച്ചുകൊണ്ടിരിക്കുകയാണ്.

M/s എനാർക്ക് കൺസ്ട്രക്ഷൻസുമായി കാലാനുസൃതമായി മാറ്റങ്ങൾ വരുത്തിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിയമനടപടികൾ പൂർത്തീകരിച്ച് ആരംഭഘട്ടത്തിലാണ്. പി.പി.പി. മോഡൽ, സി.എസ്.ആർ. ഫണ്ട്, ഓൺ ഫണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് കോർപ്പറേഷൻ മുൻതൂക്കം നൽകുന്നത്. എന്നാൽ അതുവരേയ്ക്കും ശക്തൻ ബസ് സ്റ്റാന്റ് ഉപയോഗപ്രദമാക്കുന്നതിനായി സ്റ്റാൻറിൻറെ തെക്കുഭാഗം കോൺക്രീറ്റിംഗ് ചെയ്യുന്നതിനും നിലനിൽക്കുന്ന സ്റ്റാൻറിന്റെ ഉൾഭാഗം അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. അതുവരെ ശക്തൻ ബസ് സ്റ്റാൻറിന്റെ തെക്കുഭാഗത്തുള്ള ട്രിച്ചൂർ ടവ്വറിനുമുമ്പിലായി താൽക്കാലികമായി ബസ് സ്റ്റാന്റ് സജ്ജീകരിക്കുന്നതാണ്. ശക്തൻ സ്റ്റാൻറിലെ കോൺക്രീറ്റിംഗിന്റെ നിർമ്മാണോദ്ഘാടനം 2024 നവംബർ 15 വെള്ളിയാഴ്ച്ച രാവിലെ 10.00 ന് തൃശ്ശൂർ കോർപ്പറേഷൻ മേയർ എം.കെ.വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ തൃശൂർ എം.എൽ.എ. പി.ബാലചന്ദ്രൻ നിർവ്വഹിക്കുന്നതാണ്.

പത്മനാഭ സ്വാമി ക്ഷേത്രത്തിലെ പുഷ്പാഞ്ജലി സ്വാമിയാർ പരമേശ്വര ബ്രഹ്മാനന്ദ തീർത്ഥർ സമാധിയായി

തിരു: ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൂജാകാര്യങ്ങളിലെ മുഖ്യധാരികളിൽ ഒരാളായ മുഞ്ചിറ മഠം മൂപ്പിൽ സ്വാമിയാർ പരമേശ്വര ബ്രഹ്മാനന്ദ തീർത്ഥർ (66) സമാധിയായി. അസുഖ ബാധിതനായി ഒരാഴ്ചയോളം ആർ സി സിയിൽ ചികിത്സയിലായിരുന്നു. ഇന്നലെ രാത്രി 10നായിരുന്നു അന്ത്യം. ചാലക്കുടി തിരുത്തിപ്പറമ്പ് തിരുത്തൂർമന അംഗമാണ്. കേന്ദ്ര എസ് -സി എസ് ടി വകുപ്പിലെ ഉദ്യോഗസ്ഥനായിരുന്നു. 2000ൽ ജോലിയിൽ നിന്ന് സ്വമേധയാ വിരമിച്ച ശേഷം 2016ലാണ് സന്യാസ ദീക്ഷ സ്വീകരിച്ചത്. മുഞ്ചിറമഠം പരമ്പരയിലെ 47-ാമത് സ്വാമിയാണ്.

ഇന്ന് ബുധനാഴ്ച രാവിലെ 9 മണിയോടെ സ്വാമിയാരുടെ ഭൗതിക ശരീരം അവിട്ടത്തൂർ മുഞ്ചിറ മഠത്തിൽ (കീഴ്ത്തൃ കോവിൽ ശ്രീകൃഷ്ണ ക്ഷേത്രം) എത്തിച്ചേർന്നു. തുടർന്ന് ചടങ്ങുകൾ നടക്കുന്നു. തൃശൂർ തെക്കൈമഠം സ്വാമിയാർ മറ്റ് ശ്രേഷ്ഠർ പങ്കെടുത്തു. ഉച്ചക്ക് 1 മണിയോടെ സംസ്കാരം നടന്നു.

ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലാ ഓഫീസിൽ രക്ഷിതാവിന്റെ ആത്മഹത്യാ ശ്രമം

ഇരിങ്ങാലക്കുട : യൂണിഫോം കർശനമാക്കിയതിനാൽ ശബരിമല ദർശനത്തിന് ഒരുങ്ങുന്ന മക്കൾക്ക് ആചാരപ്രകാരമുള്ള കറുത്ത വസ്ത്രങ്ങൾ ധരിച്ച് സ്കൂളിൽ പോകാൻ കഴിയില്ലെന്ന ആശങ്കയുമായി എത്തിയ രക്ഷിതാവിനോട് സ്കൂൾ അധികൃതർ അപമര്യാദയായി പെരുമാറിയെന്ന് ആരോപിച്ച് ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഓഫീസിൽ രക്ഷിതാവിന്റെ ആത്മഹത്യാ ശ്രമം. ചാലക്കുടി കുറ്റിച്ചിറ കൊല്ലരേഴത്ത് വീട്ടിൽ അനീഷ് (45 വയസ്സ്) ആണ് പെട്രോൾ ശരീരത്തിൽ ഒഴിച്ച് ആത്മഹത്യാ ശ്രമം നടത്തിയത്. രാവിലെ പത്തരയോടെ ആയിരുന്നു സംഭവം. ചായ്പൻകുഴി ഗവ സ്കൂളിൽ എട്ടിലും രണ്ടിലും പഠിക്കുന്ന ചൈതൻ , ബ്രാഹ്മൻ എന്നീ വിദ്യാർഥികളുടെ പിതാവായ അനീഷ് മക്കളും ഭാര്യ സൗമ്യയുമൊന്നിച്ചാണ് ഡിഇഒ ഓഫീസിൽ എത്തിയത്. വിഷയം സംസാരിക്കുന്നതിനിടയിൽ പ്രകോപിതനായ അനീഷ് കുപ്പിയിൽ കൊണ്ട് വന്നിരുന്ന പെട്രാൾ എടുത്ത് ശരീരത്തിൽ ഒഴിക്കുകയായിരുന്നുവെന്ന് ഡിഇഒ ടി ഷൈല മാധ്യമങ്ങളോട് പറഞ്ഞു. ഒച്ചയും ബഹളവും കേട്ടറിഞ്ഞ് ഓടിയെത്തിയ ഡിഇഒ ഓഫീസിലെ മറ്റ് ജീവനക്കാരും അടുത്തുള്ള എക്സൈസ് ഓഫീസിലെ ഉദ്യോഗസ്ഥരും ഇയാളെ ഡിഇഒ വിന്റെ മുറിയിൽ നിന്ന് ഇറക്കുകയായിരുന്നു. അനീഷിന്റെ കീശയിൽ ഉണ്ടായിരുന്ന ലൈറ്റർ ഭാര്യ എടുത്ത് വലിച്ചെറിയുകയും ചെയ്തു. വിവരമറിച്ചതിനെ തുടർന്ന് സ്ഥലത്ത് എത്തിയ പോലീസ് അനീഷിനെ കസ്റ്റഡിയിൽ എടുത്തു. സ്കൂളിൽ യൂണിഫോം കർശനമാക്കി കൊണ്ട് കഴിഞ്ഞ വെള്ളിയാഴ്ച പ്രധാന അധ്യാപിക നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നാൽ പരാതികൾ ഉയർന്ന സാഹചര്യത്തിൽ കഴിഞ്ഞ ദിവസം ഇത് പിൻവലിച്ചിരുന്നതായും ഡിഇഒ പറഞ്ഞു. വിഷയം സംസാരിക്കാൻ സ്കൂളിൽ എത്തിയ തന്നെ മാനസികമായി അധ്യാപകർ പീഡിപ്പിച്ചതായി വൈദ്യപരിശോധനയ്ക്കായി പോലീസ് സംരക്ഷണത്തിൽ താലൂക്ക് ആശുപത്രിയിൽ എത്തിയ അനീഷ് പറഞ്ഞു. കാരാപ്പാടം ക്ഷേത്രത്തിൽ ശാന്തിയായി പ്രവർത്തിക്കുകയാണ് അനീഷ് . വൈദ്യപരിശോധനയ്ക്ക് ശേഷം വിദഗ്ധചികിൽസക്കായി തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്തതായി താലൂക്ക് ആശുപത്രി അധികൃതർ അറിയിച്ചു.

അനുമോദിച്ചു

ഇരിഞ്ഞാലക്കുട:കൊച്ചിയിൽ നടന്ന കേരള സ്കൂൾ കായിക മേളയിൽ ഷൂട്ടിംഗിൽ ഗോൾഡ് മെഡൽ നേടിയ ഹന്നാ ജോണിനേയും, ഭാരധ്വഹന മത്സരത്തിൽ ഗോൾഡ് മെഡൽ നേടിയ അധീന തൊട്ടാനെയും ഇരിഞ്ഞാലക്കുട ഉപജില്ലാ മത്സരത്തിൽ 3Bo സ്ഥാനം നേടിയ, സെന്റ് മേരിസ് ഹയർ സെക്കണ്ടറി സ്കൂളിനെയും മാനേജർ റവ. പ്രഫ ലാസർ കുറ്റിക്കാടൻ അനുമോദിച്ചു. പിടിഎ പ്രസിഡന്റ് ബൈജു കൂവപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഉപജില്ലാ കലോത്സവം ജനറൽ കൺവീനർ പ്രിൻസിപ്പാൽ ആൻസൻ ഡൊമിനിക് സ്വാഗതം പറഞ്ഞു.

ഫസ്റ്റ് അസിസ്റ്റന്റ് ഷീജ ടീച്ചർ,സ്റ്റാഫ് സെക്രട്ടറി പാർവ്വതി ടീച്ചർ, നെസ്സി ടീച്ചർ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. ജഠഅ യുടെ വക സ്കൂളിലെ എല്ലാ കുട്ടികൾക്കും ഐസ്ക്രീം വിതരണം ചെയ്തു.സ്കൂൾ കലോത്സവ കൺവീനർ ഷീജ ടീച്ചർ നന്ദിയും പറഞ്ഞു.

സ്വർണവിലയിൽ വീണ്ടും ഇടിവ്; പവന് 56,360 രൂപ

തൃശൂർ: സ്വർണവിലയിൽ വീണ്ടും ഇടിവ്. ബുധനാഴ്ച ഗ്രാമിന് കുറഞ്ഞത് 40 രൂപയാണ്. ഇതോടെ ഒരു ഗ്രാം സ്വർണ വില 7045 രൂപയായി കുറഞ്ഞു. 320 രൂപയാണ് പവന് കുടിയത്. ഒരു പവൻ സ്വർണത്തിന്റെ വില 56,360 രൂപയാണ്.

അന്താരാഷ്ട്ര വിപണിയായ എംസിഎക്സിൽ 10 ഗ്രാം 24 കാരറ്റ് സ്വർണത്തിന്റെ വില 77463 രൂപയാണ്. ഡോളർ കരുത്താർജിക്കുന്നതാണ് സ്വർണ വിലയിലെ ഇടിവിന്റെ പ്രധാന കാരണം.

നൈന ബ്യൂട്ടി പാർലർ ഉദ്ഘാടനം ചെയ്തു

പുതുക്കാട്: പുതുക്കാട് റെയിൽവേസ്റ്റേഷൻ റോഡിൽ ഇന്ന് രാവിലെ നൈന ബ്രയ്ഡൽ ഹബ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന വേളയിൽ വന്നുചേർന്ന എല്ലാവർക്കും ഉടമ നന്ദി രേഖപ്പെടുത്തി. തുടർന്നും സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

അളഗപ്പ ടെക്സ്റ്റൈൽസ് സർക്കാർ ഏറ്റെടുക്കണം: അഡ്വ.ഷാജൻ മഞ്ഞളി

ആമ്പല്ലൂർ: അടച്ചിട്ട് നാലുവർഷം കഴിഞ്ഞിട്ടും തുറക്കാത്ത അളഗപ്പ ടെക്സ്റ്റൈൽസ് സർക്കാർ ഏറ്റെടുക്കണമെന്ന് ആർ ജെ ഡി ആവശ്യപ്പെട്ടു. കോവിഡ് കാലത്ത് അടച്ചുപൂട്ടി നാലുവർഷം കഴിഞ്ഞിട്ടും തുറക്കാത്ത എൻ ടി സി സ്ഥാപനമായ അളഗപ്പ ടെക്സ്റ്റൈൽസ് തൊഴിലാളികൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകി സർക്കാർ ഏറ്റെടുത്ത് ഐടി ഹബ്ബും ഇൻഡസ്ട്രിയൽ ഹബ്ബും ആക്കി മാറ്റണമെന്ന് ആർജെഡി രാഷ്ട്രീയ ജനതാദൾ ആമ്പല്ലൂർ മേഖലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു സ്ഥാപനത്തിന്റെ 60 ഏക്കറോളം വരുന്ന സ്ഥലം ഉപയോഗപ്പെടുത്തി നൂറുകണക്കിന് ആളുകൾക്ക് തൊഴിൽ നൽകുവാനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനും സർക്കാർ തയ്യാറാവണം അളഗപ്പ ടെക്സ്റ്റൈൽസ് പൂട്ടിയതിന് ശേഷം നൂറിലധികം തൊഴിലാളി കുടുംബങ്ങൾ താമസിച്ചിരുന്ന കോർട്ടേഴ്സുകൾ മെയിന്റനൻസ് നടത്താത്തതിനാൽ നശിച്ചുകൊണ്ടിരിക്കുന്നു ഡോക്ടർ അളഗപ്പ ചെട്ടിയാർ മെമ്മോറിയൽ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബും ലൈബ്രറിയും പോസ്റ്റ് ഓഫീസ് കെട്ടിടവും രാമവർമ്മ ആശുപത്രി പ്രവർത്തിച്ചിരുന്ന കെട്ടിടവും മറ്റു കെട്ടിടങ്ങളും ഇതുപോലെ നശിച്ചുകൊണ്ടിരിക്കുന്നു. അളഗപ്പ ടെക്സ്റ്റൈൽസിലെ മിഷനറികളും ഉപയോഗശൂന്യമായി കൊണ്ടിരിക്കുന്നു NTC പാർക്കും അളഗപ്പ ഗ്രൗണ്ടിനോട് ചേർന്നുള്ള സ്ഥലവും നശിച്ച് സാമൂഹ്യവിരുദ്ധ കേന്ദ്രമായി മാറിയിരിക്കുന്നു ടെക്സ്റ്റൈൽ പോളിടെക്നിക്കും എൻജിനീയറിങ് കോളേജും ഇവിടെ സ്ഥാപിക്കാവുന്നതാണ് യോഗം ആർ ജെ ഡി ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു നിയോജകമണ്ഡലം വൈസ് പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റിയംഗം ഐ പി കുട്ടൻ നിയോജക മണ്ഡലം ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ടിഐ സ്വേവിയർ എബീസ് കുന്നിക്കുരുവിൽ ഐഎസ് ശശി എൻ എ യോഹന്നാൻ എം എ ഇഗ്നേഷ്യസ് ടിപി ജേക്കബ് എം കെ കൃഷ്ണൻ വി നോദ് കളരിക്കൽ ആന്റോ കണ്ണമ്പുഴ കെ എസ് സുകുമാരൻ വി പി അയ്യപ്പ കുട്ടി എം എ കൊച്ചുമോൻ എ എൻ സുകുമാരൻ തുടങ്ങിയവർ സംസാരിച്ചു.

നെഹ്റു യുവകേന്ദ്രയും എൻ എസ് എസും കൈകോർക്കുന്ന ജില്ലാതല യുവ ഉത്സവം നവംബർ 30ന് ഇരിങ്ങാലക്കുടയിൽ

ഇരിങ്ങാലക്കുട : കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം ദേശവ്യാപകമായി സംഘടിപ്പിക്കുന്ന ദേശീയ യുവ ഉത്സവത്തിന്റെ ജില്ലാതല യുവ ഉത്സവം നവംബർ 30ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളെജിൽ നടക്കും.

ഇന്ത്യയിലെ 623 ജില്ലകളിലായി പ്രാഥമിക മത്സരങ്ങൾ നവംബർ മാസത്തിലും, ജില്ലാതല വിജയികൾ പങ്കെടുക്കുന്ന സംസ്ഥാനതല യുവ ഉത്സവങ്ങൾ ഡിസംബർ മാസത്തിലും പൂർത്തിയാകും. സംസ്ഥാനതല മത്സരത്തിലെ വിജയികളാണ് 2025 ജനുവരി 12 മുതൽ 16 വരെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം 'മേരാ യുവഭാരത്' മുഖേന സംഘടിപ്പിക്കുന്ന ദേശീയ യുവ ഉത്സവിൽ പങ്കെടുക്കുക.

നെഹ്റു യുവകേന്ദ്രയുടെയും നാഷണൽ സർവീസ് സ്കീമിന്റെയും ആഭിമുഖ്യത്തിലാണ് തൃശ്ശൂർ ജില്ലാ യുവോത്സവം സംഘടിപ്പിക്കുന്നത്.

ജലച്ഛായം, കവിതാ രചന, പ്രസംഗം, മൊബൈൽ ഫോട്ടോഗ്രാഫി, നാടോടി സംഘനൃത്തം, സയൻസ് മേള എന്നീ ആറ് ഇനങ്ങളിലാണ് മത്സരങ്ങൾ. സയൻസ് മേളയിലെ ഗ്രൂപ്പിനത്തിൽ പരമാവധി അഞ്ച് പേർക്ക് പങ്കെടുക്കാം. ഇതിൽ വ്യക്തിഗത ഇനത്തിലും പങ്കെടുക്കാൻ അവസരമുണ്ട്.

മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നെഹ്റു യുവ കേന്ദ്ര നൽകും. 15 വയസ്സിനും 29 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ : 7907764873, 6282296002.

വീരേന്ദ്ര കശ്യപ് കോലി സമാജം ദേശീയ പ്രസിഡണ്ട്

ന്യൂഡൽഹി: അഖില ഭാരതീയ കോലി സമാജത്തിന്റെ ദേശീയ അധ്യക്ഷനായി ഹിമാചൽ പ്രദേശിൽ നിന്നുള്ള വീരേന്ദ്ര കശ്യപിനെ (എക്സ് എം പി) കഴിഞ്ഞ ദിവസം ഡൽഹി അഖിലേന്ത്യാ കോലി ഭവനിൽ വെച്ച് നടന്ന തെരഞ്ഞെടുക്കപ്പെട്ടു.

കേരളത്തിൽ നിന്നും അഖില ഭാരതീയ കോലി സമാജിന്റെ സംസ്ഥാന അധ്യക്ഷൻ അഡ്വ. ഐ ഡി രാധാകൃഷ്ണൻ, ഭരത് അരയൻ എന്നിവർക്കാണ് വോട്ടവകാശം ഉള്ളത്. ഇന്ത്യയുടെ മുൻ രാഷ്ട്രപതി രാംനാഥ് ഗോവിന്ദ് അഖില ഭാരതീയ കോലി സമാജിന്റെ പൂർവ്വകാല ദേശീയ പ്രസിഡണ്ടായിരുന്നു.

പുതുക്കാട് പഞ്ചായത്ത് വനിത മൾട്ടിപ്പർപ്പസ് സഹകരണ സംഘം 1110 ന്റെ പ്രസിഡന്റായി രജനി സുധാകരേയും വൈസ് പ്രസിഡന്റായി ലൂസി റപ്പായിയേയും തെരെഞ്ഞെടുത്തു. ഉഷ വർഗ്ഗീസ്, ജിജി ജോബി, ടിങ്കിൾ സുരേഷ്, മിനി തിലകൻ, ശ്രീദേവി പുരുഷോത്തമൻ, ഷീല വി ആർ, റിയ ഡെയ്സൺ, റിംസി ജോസഫ്, നിഷ മുരളി എന്നിവരാണ് തെരെഞ്ഞെടുത്ത ഭരണ സമിതി അംഗങ്ങൾ.

അമലയിൽ ഗ്യാസ്ട്രോ എൻഡോസ്കോപ്പി ദ്വിദിന വർക്ക്ഷോപ്പ്

അമലനഗർ: അമല മെഡിക്കൽ കോളേജിൽ നടത്തിയ ഗ്യാസ്ട്രോ എൻഡോസ്കോപ്പി ദ്വിദിന വർക്ക്ഷോപ്പിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു.

കൊച്ചി ആസ്റ്റർ ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടൻറ് ഡോ.ജെഫി ജോർജ്ജ്, അമല ജോയിൻറ് ഡയറക്ടർ ഫാ.ഡെൽജോ പുത്തൂർ, ഗ്യാസ്ട്രോ മേധാവി ഡോ.റോബർട്ട് പനയ്ക്കൽ, സീനിയർ കൺസൾട്ടൻറ് ഡോ.സോജൻ ജോർജ്ജ്, ഡോ.രജനി ആൻറണി, ഡോ.അനൂപ് ജോൺ എന്നിവർ പ്രസംഗിച്ചു.

വാർത്താച്ചുരുക്കം

* സംസ്ഥാന സർക്കാരിന്റെ ഉജ്വല ബാല്യം പുരസ്കാരം ഉൾപ്പെടെ നേടിയ ഏഴാം ക്ലാസ് വിദ്യാർത്ഥിനി എസ്. എൻ.ദക്ഷിണയുടെ (മലപ്പുറം , പുത്തനത്താണി) ചിത്രപ്രദർശനം തൃശൂർ ലളിത കലാ അക്കാദമി ആർട്ട് ഗ്യാലറിയിൽ തുടങ്ങി. 17ന് സമാപനം.
* തൃശൂർ പ്രസ് ക്ലബ്ബിന്റെ 14-ാമത് അഖില കേരള ചെസ് മേള (ബിലോ 1700) 17ന് ഒല്ലൂർ കാക്കശ്ശേരി ഹാളിൽ നടക്കും.
* കാലാവസ്ഥ പ്രതിസന്ധി മുഖ്യപ്രതിബാധ്യ വിഷയമായി ഡോ.ലളിത അനുസ്മരണദിനമായ 16ന് ക്ലൈമറ്റ് മാർച്ച് സംഘടിപ്പിക്കുമെന്ന് പിപ്പീൾസ് ക്ലൈമറ്റ് ആക്ഷൻ ആന്റ് ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം അറിയിച്ചു. വാഴച്ചാൽ , അതിരപ്പിള്ളി കേന്ദ്രീകരിച്ചാണ് മാർച്ച് നടക്കുക
* തൃശ്ശൂർ പിലാറ്റിക് ക്ലബ്ബ് സംഘടിപ്പിക്കുന്ന പ്രദർശനം തൃശൂർ എം.ജി. റോഡ് ശ്രീശങ്കര ഹാളിൽ നടക്കും. 15 മുതൽ 17വരെ സ്റ്റാമ്പ്, കറൻസി, നാണയം തുടങ്ങിയവാണ് പ്രദർശിപ്പിക്കുക.

CHANGE OF NAME

I, **JASMINE HABIBUR RAHMAN,** HOLDER OF PASSPORT NO M2607934, DO HERE BY CHANGE MY NAME AS **JASMINE P. S.** FOR THE PURPOSE OF PASSPORT.

Sd/-
JASMINE P. S.

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

C.M.A: 98/2021

സെബാസ്റ്റ്യൻ - അപ്പീൽ വാദി
തൃശൂർ താലൂക്ക്, ആലപ്പാട് വില്ലേജ്, പൊറത്തൂർ ദേശത്ത്, പി ഒ ആലപ്പാട്, കൊടപ്പുള്ളി മരിച്ച സുരേന്ദ്രബാബു മകൾ രാജലക്ഷ്മി

-3-ാം പ്രതി

മേൽ നമ്പറിൽ 3-ാം എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാൻ കല്പിച്ച് **10-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ അഡ്വക്കെറ്റോ ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവുണ്ടാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 01-10-2024
അപ്പീൽ വാദിഭാഗം അഡ്വക്കെറ്റ്
പി എ മുരളീരാജ് (ഒപ്പ്)

COURT NOTICE

BEFORE THE HON'BLE MOTOR ACCIDENTS CLAMES TRIBUNAL, THRISSUR

OP (MV) No. 537/2020

Saidu Muahammed, aged 65, S/o. Hydroskutty, Valiyakath House, Meppadam, Chelakkara P.O., Thrissur Dist.

-Petitioner

Manoj, S/o. Balan, Pallikkal House, Kolazhy P.O., Thrissur Dist.

-2nd Respondent

Notice to the 2nd Respondent in OP MV: 537/2020 affix on the Honurable MACT Court Thrissur and 2nd Respondent's residence which is posted to **21-04-2025.** You are hereby directed to appear before Court on 21-04-2025 at 11.00 am personally or through advocate in case you have any objection failing of which the case will be heard and decided in your absence.

Date this the day od 8th November 2024
FRANCIS KURIAN (S/d)
Advocate for Petitioner.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 460/2024

വിനയ, വയസ് 24, D/o. വാസു, മഞ്ഞക്കാട്ടിൽ ഹൗസ്, കടങ്ങോട് പി ഒ., കടങ്ങോട് വില്ലേജ്, കുന്നംകുളം താലൂക്ക്

-ഹരജിക്കാരി

സജീഷ്, വയസ് 35, S/o. ഗോവിന്ദൻ, അപ്പാട്ടുവളപ്പിൽ ഹൗസ്, നന്നമുക്ക്,